# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.38 | 27.02.2018- ൽ മറുപടിയ്ക്ക് |

## ജി.എസ്.ടി സംവിധാനത്തിലെ അപര്യാപ്തതകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>,, എ. പ്രദീപ്കുമാർ<br>,, ആർ. രാജേഷ്<br>,, എം. നൗഷാദ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | കേന്ദ്ര സർക്കാർ വേണ്ടത്ര അവധാനതയില്ലാതെ നടപ്പാക്കിയ ജി.എസ്.ടി. സംവിധാനം സംസ്ഥാനത്തിന്റെ പൊതു സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതെങ്ങനെയാണെന്ന് വിശദമാക്കാമോ ; | (എ) | ചരക്കുസേവന നികുതി നിയമപ്രകാരം അന്തർസംസ്ഥാന കൈമാറ്റങ്ങൾക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാകുന്നതിനാൽ രാജ്യത്തൊട്ടാകെ ലക്ഷക്കണക്കിന് ബില്ലുകളുടെ യഥാസമയമുള്ള സൂക്ഷ്മ പരിശോധന ആവശ്യമാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ജി.എസ്.ടി.എൻ സോഫ്റ്റ് വെയർ പൂർണ്ണമായി പ്രവർത്തനക്ഷമമാകാതെ ധൃതിയിൽ ജി.എസ്.ടി നടപ്പിലാക്കിയത് സംസ്ഥാനങ്ങൾക്കും വ്യാപാരികൾക്കും ഒരുപോലെ ധാരാളം പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഇത് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് പ്രതീക്ഷിച്ച നികുതി വരുമാനം ലഭ്യമാകാത്തതിന്റെ പ്രധാനകാരണങ്ങളിലൊന്നാണ്.<br>എന്നാൽ ജി.എസ്.ടി കോമ്പൻസേഷൻ നിയമപ്രകാരം 2015-16 സാമ്പത്തിക വർഷത്തെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വാർഷിക വർദ്ധനവ് കണക്കാക്കി നഷ്ടപരിഹാരം കേന്ദ്രത്തിൽ നിന്നും ലഭ്യമാകുന്നുണ്ട്. 2017-18 - ൽ കേരളത്തിന് അർഹതപ്പെട്ട ദ്വൈമാസ തുകയായി |

| | | | |
|---|---|---|---|
| | | | നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ദ്വൈമാസ ജി.എസ്.ടി പിരിവ് 3644 കോടി ലഭിച്ചില്ലെങ്കിൽ ബാക്കി തുകയാണ് നഷ്ടപരിഹാരം ആയി ലഭിക്കുന്നത്. ഈ സാഹചര്യത്തിൽ കേവലമായി നികുതിനഷ്ടം ഉണ്ടായതായി കരുതാനാവില്ല. എന്നാൽ കഴിഞ്ഞ ബഡ്ജറ്റിൽ വിഭാവനം ചെയ്ത രീതിയിൽ 25% നികുതി വർദ്ധന സംസ്ഥാനത്തിന് കൈവരിക്കാൻ സാധിച്ചിട്ടില്ല. |
| (ബി) | ജി.എസ്.ടി. നടപ്പിലാക്കിയതോടെ ചെക്ക്പോസ്റ്റുകൾ ഇല്ലാതായത് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ വരുത്തിയ പ്രത്യാഘാതങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) | ജി.എസ്.ടി നടപ്പിലായതിനെ തുടർന്ന് ചെക്ക് പോസ്റ്റ് സമ്പ്രദായം നിർത്തലാക്കുകയുണ്ടായി. എന്നാൽ ജി.എസ്.ടി നടപ്പിലാകുന്ന മുറയ്ക്ക് രാജ്യത്തൊട്ടാകെയുള്ള ചരക്കുകളുടെ നീക്കം ഇ-വേ ബിൽ എന്ന ഓൺലൈൻ ഡിക്ലറേഷന്റെ അടിസ്ഥാനത്തിലായിരിക്കുമെന്നായിരുന്നു ധാരണ. ഇത് നടപ്പിലാക്കുന്നതിനുണ്ടായ കാലതാമസം, ചെക്ക് പോസ്റ്റ് നിർത്തലാക്കിയ സാഹചര്യത്തിൽ, സംസ്ഥാനത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്. ഇതിലുള്ള കടുത്ത ആശങ്ക കേരളത്തെ പോലെയുള്ള ഉപഭോക്തൃ സംസ്ഥാനങ്ങൾ ജി.എസ്.ടി കൗൺസിലിൽ ശക്തമായി ഉന്നയിക്കുകയും അതിനെ തുടർന്ന് 01/02/2018 മുതൽ ഇന്ത്യയിലൊട്ടാകെ അന്തർ സംസ്ഥാന ചരക്ക നീക്കത്തിന് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കി കേന്ദ്ര ചട്ടം പുറപ്പെടുവിക്കുകയും ചെയ്തു (Notification No. 74/2017). കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ 12/01/2018 മുതൽ ഇ-വേ ബിൽ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ഇ-വേ ബിൽ സോഫ്റ്റ് വെയറിൽ സാങ്കേതിക പ്രശ്നങ്ങളുണ്ടായതിനെത്തുടർന്ന് വ്യാപാരികൾക്ക് ഇ-വേ ബിൽ എടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. ഇതിനെത്തുടർന്ന് |
| (സി) | ചെക്ക്പോസ്റ്റ് പരിശോധനയ്ക്ക് പകരമായി നിർദ്ദേശിച്ച ഇ-വേ ബിൽ സമ്പ്രദായം സംസ്ഥാനത്ത് നടപ്പിലായിട്ടുണ്ടോ ; വിശദാംശം നൽകുമോ; | | |

| | | | |
|---|---|---|---|
| | | | കേന്ദ്രസർക്കാർ ഇ-വേ ബിൽ നിർബന്ധമല്ലാതാക്കിക്കൊണ്ടുള്ള വിജ്ഞാപനം ഫെബ്രുവരി 2 ന് പുറപ്പെടുവിച്ചു. (Notification No. 11/2018). എന്നാൽ പരീക്ഷണാടിസ്ഥാനത്തിൽ ഇ-വേ ബിൽ എടുക്കുന്നതിനുള്ള അവസരം ഇപ്പോഴും നിലവിലുണ്ട്. |
| (ഡി) | ചെക്ക്പോസ്റ്റുകൾക്ക് നിയമപ്രാബല്യമില്ലാതായതോടെ നിയമാനുസൃതമായ ബില്ലുകളില്ലാതെ ചരക്കുകൾ കേരളത്തിലേയ്ക്ക് എത്തുന്ന സ്ഥിതി ഒഴിവാക്കുന്നതിനായി സംസ്ഥാനത്ത് ഇ-ഡിക്ലറേഷൻ സമ്പ്രദായം പുന:സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദമാക്കുമോ? | (ഡി) | സാങ്കേതിക പ്രശ്നങ്ങൾമൂലം ഇ-വേ ബിൽ സമ്പ്രദായം താല്ക്കാലികമായി നിർത്തലാക്കിയിട്ടുണ്ടെങ്കിലും കേരളത്തിൽ ചരക്കുസേവന നികുതി ചട്ടം 138 അനുസരിച്ചുള്ള ഡിക്ലറേഷനുകൾ തുടരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**